## കേരള സർക്കാർ

## <u>സംഗ്രഹം</u>

സൈനിക ക്ഷേമ വകുപ്പ്- അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിൽ താല്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സൈനിക ക്ഷേമ (എ) വകുപ്പ്

**സ.ഉ(എം.എസ്)നം.17/2022/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം :24.05.2022**

---

പരാമർശം:- 1. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 06.08.2021 തീയതിയിലെ എ-1/50265/2021/ഡി എസ് ഡബ്ല്യു നമ്പർ കത്ത്.

2. 23.05.2022 ലെ സ.ഉ(കൈ)നം.16/2022/സൈ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.

## <u>ഉത്തരവ്</u>

സൈനിക ക്ഷേമ വകുപ്പിൽ ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകിയതിലൂടെ പ്രസ്തുത തസ്തികയുടെ ഫീഡർ തസ്തികയായ അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിൽ 3 ഒഴിവുകൾ ഉണ്ടായിട്ടുള്ളതാണെന്നും പ്രസ്തുത ഒഴിവുകൾ നികത്താത്തത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്നും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിഘാതമാകുന്നു എന്നും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു. കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സൈനിക ക്ഷേമ വകുപ്പിന്റെ പുനഃസംഘടന സർക്കാർ പരിഗണനയിൽ ഇരിക്കുന്ന സാഹചര്യത്തിൽ, ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകിയത് മൂലം പ്രസ്തുത തസ്തികയുടെ ഫീഡർ തസ്തികയായ അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിൽ രൂപപ്പെട്ട, ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള 3 ഒഴിവുകളിലേയ്ക്കും

പരാമർശം 2 പ്രകാരം താല്ക്കാലിക സ്ഥാനക്കയറ്റം നൽകിയത് മൂലം രൂപപ്പെട്ടിട്ടുള്ള 4 ഒഴിവുകളിലേയ്ക്കും ഉൾപ്പെടെ അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർമാരുടെ 7 താൽക്കാലിക ഒഴിവുകളിലേയ്ക്ക് KS & SSR Part II Rule 31(a) (i) പ്രകാരം താല്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

1. ✓ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ, (എ & ഇ), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ